Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

## മിനിസ്റ്റീരിയൽ ജോലിക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കുന്ന നടപടി

5 (6570) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സെക്ഷൻ ഓഫീസുകളിലെ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി സാങ്കേതിക സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) മേൽ സൂചിപ്പിച്ച വിഷയത്തിൽ നിലവിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏൽപ്പിക്കാവുന്നതല്ല.

(സി&ഡി) ഒരു പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

6 (6571) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ജില്ലാ

ഓഫീസുകളാക്കി മാറ്റുകയും സ്ഥാപന മേധാവിയുടെ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ;

(സി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. ക്വാളിറ്റി ലാബുകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ്. അവയ്ക്ക് മുകളിൽ വിജിലൻസ് നിരീക്ഷണം ആവശ്യമാണ്. രണ്ടും ഒന്നാക്കാൻ പാടില്ല. മേധാവിയുടെ തസ്തിക ഉയർത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും ജില്ലാ വിജിലൻസ് ഓഫീസർമാരെ നിയമിക്കുകയും അവർക്ക് ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പേരിന് മാത്രമുള്ള ദുർബലമായ വിജിലൻസ് സമ്പ്രദായം മാറ്റി ഫലപ്രദമായ ഒരു വിജിലൻസ് ടീമിനെ നിയമിച്ച് പ്രവർത്തിക്കുന്നു. നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. നിരവധി നടപടികൾ റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. അതിനാൽ പോലീസ് വിജിലൻസിന് നൽകുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഭാവിയിൽ ഉണ്ടാകാവുന്ന ആവശ്യകത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കും.

LIBRARY ARCHIVES Kerala Legislative Assembly